REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 28-06-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **സംസ്ഥാനത്ത് സൂംബാ ഡാൻസിനെതിരെ ഉയരുന്ന എതിർപ്പുകൾ ലഹരിയേക്കാൾ മാരകമാണെന്ന് മന്ത്രി V ശിവൻകുട്ടി.**
- **കേരളാ കെയർ, പാലിയേറ്റീവ് ഗ്രിഡും സാർവത്രിക പാലിയേറ്റീവ് പരിചരണ പദ്ധതിയും വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.**
- **രാജ്യത്ത് ആദ്യമായി ബീഹാറിൽ തെരഞ്ഞെടുപ്പിന് പരീക്ഷണാടിസ്ഥാനത്തിൽ ഇ-വോട്ടിംഗ് ഏർപ്പെടുത്തി.**
- **പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ മൻ കി ബാത് റേഡിയോ പരിപാടി നാളെ രാവിലെ11ന്.**
- **ഇന്ത്യ- ഇംഗ്ലണ്ട് വനിതാ ട്വന്റി 20 ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം ഇന്ന് ആരംഭിക്കും.**

## വാർത്തകൾ വിശദമായി

സംസ്ഥാനത്ത് സൂംബാ ഡാൻസിനെതിരെ ഉയരുന്ന എതിർപ്പുകൾ ലഹരിയേക്കാൾ മാരകമാണെന്ന് മന്ത്രി V ശിവൻകുട്ടി പറഞ്ഞു. സ്കൂൾ യൂണിഫോമുകളിലാണ് കുട്ടികൾ സൂംബയിൽ പങ്കെടുക്കുന്നതെന്നും അനാവശ്യപ്രചാരണങ്ങൾ സമൂഹത്തിൽ വിഭാഗീയതക്ക് കാരണമാകുമെന്നും മന്ത്രി കോഴിക്കോട്ട് വാർത്താസമ്മേളനത്തിൽ വ്യക്തമാക്കി.

സ്കൂളുകളിൽ സൂംബ, ഏറോബിക്സ്, യോഗ തുടങ്ങിയ കായിക വിനോദങ്ങൾ ലഹരിവിരുദ്ധ ബോധ വൽക്കരണത്തിന്റെ ഭാഗമായാണ് നടപ്പിലാക്കുന്നത്. സ്കൂളുകളിലെ ഇത്തരം ലഘു കായിക വിനോദങ്ങളിൽ ഏർപ്പെടുന്നത് കുട്ടികളിൽ മാനസികവും ശാരീരികവുമായ ഉന്മേഷവും ആരോഗ്യവും പോസിറ്റീവ് ചിന്തയും വളർത്താൻ സഹായിക്കുമെന്ന് മന്ത്രി പറഞ്ഞു. വിദ്യാഭ്യാസ അവകാശ നിയമപ്രകാരം ഗവൺമെന്റ് നിർദേശിക്കുന്ന പഠന പ്രക്രിയകളിൽ കുട്ടികൾ നിർബന്ധമായി പങ്കെടുക്കണമെന്നും രക്ഷിതാവിന്റെ താത്പര്യം അതിൽ മാനിക്കേണ്ടതില്ലെന്നും മന്ത്രി അറിയിച്ചു.

✪✪✪

കേരളാ കെയർ, പാലിയേറ്റീവ് ഗ്രിഡും സാർവത്രിക പാലിയേറ്റീവ് പരിചരണ പദ്ധതിയും വൈകിട്ട് കളമശേരി രാജഗിരി പബ്ലിക് സ്കൂൾ ഓഡിറ്റോറിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. കിടപ്പുരോഗികൾക്കും നീണ്ടകാലത്തെ രോഗംകൊണ്ട് ബുദ്ധിമുട്ടുന്നവർക്കും സാന്ത്വനം പകരുകയെന്ന ലക്ഷ്യത്തോടെയാണ് ഗവൺമെന്റ് പദ്ധതി നടപ്പാക്കുന്നത്.

തദ്ദേശ സ്ഥാപനങ്ങളുടേയും ഭാരതീയ ചികിത്സാ വകുപ്പിന്റേയും ഹോമിയോ വകുപ്പിന്റേയും മറ്റ് സന്നദ്ധ സംഘടകളുടേയും നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സാന്ത്വന പരിചരണ സേവനങ്ങൾ ഏകോപിച്ചാണ് സാർവത്രിക പാലിയേറ്റീവ് പരിചരണ പദ്ധതി നടപ്പാക്കുന്നത്. ഇതിനായി കേരളാ കെയർ എന്ന ഡിജിറ്റൽ പ്ലാറ്റ്ഫോമും രൂപീകരിച്ചിട്ടുണ്ട്.

മെഡിക്കൽ കോളജുകളിലേയും ക്യാൻസർ സെന്ററുകളിലേയും പാലിയേറ്റീവ് കെയർ യൂണിറ്റുകൾ ശക്തിപ്പെടുത്തും. മെഡിക്കൽ, നഴ്സിംഗ് മേഖലയിൽ പാലിയേറ്റീവ് കെയർ പാഠ്യപദ്ധതിയുടെ ഭാഗമാക്കും. ഈ പ്രവർത്തനങ്ങളെല്ലാം ഏകോപിപ്പിക്കുന്നതിന് കഴിഞ്ഞ മാർച്ചിൽ പാലിയേറ്റീവ് കെയർ ഗ്രിഡിന് ഗവൺമെന്റ് തുടക്കമിട്ടിരുന്നു.

✪✪✪

അഞ്ച് രാജ്യങ്ങളിലെ എട്ട് ദിവസത്തെ സന്ദർശനത്തിന് പ്രധാനമന്ത്രി നരേന്ദ്ര മോദി അടുത്ത ബുധനാഴ്ച യാത്ര തിരിക്കും. ഘാന, ട്രിനിഡാഡ് ആൻഡ് ടൊബാഗോ, അർജന്റീന, ബ്രസീൽ, നമീബിയ എന്നിവിടങ്ങളാണ് പ്രധാനമന്ത്രി സന്ദർശിക്കുന്നത്.

ജൂലൈ രണ്ടിന് ഘാനയിലെത്തുന്ന പ്രധാനമന്ത്രി, പ്രസിഡന്റുമായി കൂടിക്കാഴ്ച നടത്തും. സാമ്പത്തിക, ഊർജ, പ്രതിരോധ, വികസന മേഖലകളിലിൽ ഇരു രാജ്യങ്ങളും പങ്കാളിത്തം ശക്തിപ്പെടുത്താൻ ചർച്ച നടത്തും.

ജൂലൈ മൂന്നിന് ട്രിനിഡാഡ് ആൻഡ് ടൊബാഗോയിലെത്തുന്ന പ്രധാനമന്ത്രി രണ്ട് ദിവസം അവിടെ തുടരും. സംയുക്ത പാർലമെന്റ് സമ്മേളനത്തെയും അദ്ദേഹം അഭിസംബോധന ചെയ്യും.

ജൂലൈ നാലിന്, അർജന്റീനയിലേക്കും, അഞ്ചാം തീയതി ബ്രസീലിലേക്കും പോകുന്ന നരേന്ദ്ര മോദി റിയോ ഡി ജനീറോയിൽ 17-ാമത് ബ്രിക്സ് ഉച്ചകോടിയിൽ പങ്കെടുക്കും. സന്ദർശനത്തിന്റെ അവസാന ഘട്ടത്തിൽ ജൂലൈ ഒൻപതിന് നരേന്ദ്ര മോദി നമീബിയയിൽ എത്തും.

✪✪✪

രാജ്യത്ത് ആദ്യമായി ബീഹാറിൽ തെരഞ്ഞെടുപ്പിന് പരീക്ഷണാടിസ്ഥാനത്തിൽ ഇ-വോട്ടിംഗ് ഏർപ്പെടുത്തി. ഇന്നത്തെ മുൻസിപ്പൽ തെരഞ്ഞെടുപ്പിലും ഉപതെരഞ്ഞെടുപ്പുകളിലുമാണ് ഇ-വോട്ട് രേഖപ്പെടുത്താൻ സൗകര്യമൊരുക്കിയത്. സമ്മതിദായകർക്ക് മൊബൈൽ ആപ്ലിക്കേഷൻ വഴി വീട്ടിലിരുന്ന് വോട്ട് രേഖപ്പെടുത്താൻ ഇ-വോട്ടിംഗ് സംവിധാനം ഉപയോഗപ്പെടുത്താം.

രാവിലെ ഏഴിന് ആരംഭിച്ച വോട്ടെടുപ്പ് വൈകിട്ട് അഞ്ചിന് അവസാനിക്കും. ഇ-വോട്ടിംഗിന് ഉച്ചയ്ക്ക് ഒരു മണിവരെയാണ് സമയം അനുവദിച്ചിരിക്കുന്നത്.

✪✪✪

കാർഷിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന വെള്ളത്തിന് നികുതി ചുമത്താൻ ഗവൺമെന്റ് ആലോചിക്കുന്നുണ്ടെന്ന വാർത്തകൾ കേന്ദ്രം തള്ളി. നിലവിൽ ഇത്തരത്തിൽ ഒരു നിർദേശവും ഇല്ല. കുടിവെള്ളവും കൃഷി ആവശ്യത്തിന് ഉപയോഗിക്കുന്ന വെള്ളവും സംസ്ഥാനങ്ങളുടെ പരിധിയിൽ വരുന്നതാണെന്നും ജൽ ശക്തി മന്ത്രാലയം ഡൽഹിയിൽ അറിയിച്ചു.

✪✪✪

രാജ്യത്തിന്റെ സംസ്കാരം, കല, ചരിത്രം തുടങ്ങി സമസ്ത വിഷയങ്ങളെയും പരാമർശിച്ചു കൊണ്ട്, പ്രധാനമന്ത്രി നരേന്ദ്രമോദി മൻ കീ ബാത്തിനെ വികസിത രാഷ്ട്ര നിർമ്മാണത്തിനുള്ള വേദിയാക്കി മാറ്റിയെന്ന് കേന്ദ്രസഹമന്ത്രി പബിത്ര മാർഗരീറ്റ അഭിപ്രായപ്പെട്ടു.

മൻ കി ബാതിനെ അടിസ്ഥാനമാക്കി മേരാ യുവ ഭാരത് സംഘടിപ്പിച്ച ടാലന്റ് ഹണ്ട് സീസൺ 5 തിരുവനന്തപുരം ജില്ലാതല മത്സരങ്ങൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. തിരുവനന്തപുരം നീറമൺകര മന്നം മെമ്മോറിയൽ സ്കൂളിലായിരുന്നു പരിപാടി.

✪✪✪

രാജ്യത്തിന്റെ കാർഷിക മേഖലയും അനുബന്ധ മേഖലകളും 2011 മുതൽ 2024 വരെ സാമ്പത്തിക വർഷം വരെ മൂല്യ വർദ്ധിത ഉത്പാദനത്തിൽ 225 ശതമാനം വളർച്ച രേഖപ്പെടുത്തി. ദേശീയ സ്ഥിതിവിവര ഓഫീസ് പുറത്തുവിട്ട കണക്കുകൾ പ്രകാരം, 2011-12-ൽ 15 ലക്ഷത്തി രണ്ടായിരം കോടി രൂപയായിരുന്ന മൂല്യം കഴിഞ്ഞ സാമ്പത്തിക വർഷം 48 ലക്ഷത്തി 78,000 കോടി രൂപയായി ഉയർന്നു.

✪✪✪

സീതാറാം യെച്ചൂരി  ബഹുമുഖവിഷയങ്ങളിൽ ആഴത്തിലും സൂക്ഷ്മവുമായ അറിവ് നേടിയിരുന്നുവെന്ന്  CPIM ജനറൽ സെക്രട്ടറി MA ബേബി പറഞ്ഞു. താരതമ്യങ്ങളില്ലാത്ത സംഭാവനകൾ ഇന്ത്യൻ രാഷ്ട്രീയത്തിന്  നൽകാൻ അദ്ദേഹത്തിന് കഴിഞ്ഞുവെന്നും ആധുനികവും മാതൃകപരവുമായ കമ്യൂണിസ്റ്റായിരുന്നു യെച്ചൂരിയെന്നും അദ്ദേഹം വിലയിരുത്തി.

മുതിർന്ന മാധ്യമപ്രവർത്തകൻ PP അബൂബക്കർ എഡിറ്റ് ചെയ്ത ' - സീതാറാം യെച്ചൂരിയുടെ ജീവിതം, ദർശനം, രാഷ്ട്രീയം' എന്ന പുസ്തകം കോഴിക്കോട്ട് പ്രകാശനം ചെയ്യുകയായിരുന്നു അദ്ദേഹം. എഴുത്തുകാരി KR മീര, പുസ്തകം ഏറ്റുവാങ്ങി.

✪✪✪

മുൻ പ്രധാനമന്ത്രി PV നരസിംഹറാവുവിന് അദ്ദേഹത്തിന്റെ ജന്മവാർഷിക ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ശ്രദ്ധാഞ്ജലി അർപ്പിച്ചു. ഇന്ത്യയുടെ സാമ്പത്തിക - രാഷ്ട്രീയ പരിവർത്തനത്തിന്റെ പുരോഗതിയുടെ നിർണായക ഘട്ടത്തിൽ രാജ്യത്തിന്റെ വികസന പാത രൂപപ്പെടുത്തുന്നതിൽ നരസിംഹറാവുവിന്റെ വലിയ പങ്ക് അദ്ദേഹം എക്സ് പോസ്റ്റിൽ അനുസ്മരിച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ മൻ കി ബാത് പരിപാടി നാളെ രാവിലെ 11-ന് ആകാശവാണിയിലും, ദൂരദർശനിലും. പരിപാടിയുടെ 123-ാം പതിപ്പാണിത്. ആകാശവാണിയുടെയും, ദൂരദർശന്റെയും എല്ലാ നിലയങ്ങളും പരിപാടി തത്സമയം പ്രക്ഷേപണം ചെയ്യും. മലയാള പരിഭാഷയും തുടർന്ന് കേൾക്കാം.

✪✪✪

സംസ്ഥാനത്ത് ഇന്നും മഴ ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. പത്തനംതിട്ട, കോട്ടയം, ഇടുക്കി, മലപ്പുറം, വയനാട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. മറ്റ് ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകി.

ചിലയിടങ്ങളിൽ മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർ വരെ വേഗത്തിൽ ശക്തമായ കാറ്റിന് സാധ്യതയുണ്ടെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

മുല്ലപ്പെരിയാറിലെ ജലനിരപ്പ് 135.75 അടിയിലെത്തി. 136 അടിയിലെത്തിയാൽ വെള്ളം പുറത്തേക്ക് ഒഴുക്കുന്നതിന് നടപടികൾ പുരോഗമിക്കുകയാണ്.

ഇടുക്കി പ്രതിനിധി രതീഷ് കൃഷ്ണയുടെ റിപ്പോർട്ട്

........വോയ്സ്......

ഇന്ന് രാവിലെ വരെ കാര്യമായി മഴ പെയ്യാതിരുന്ന ഇടുക്കിയിൽ ഉച്ചയോടെ മഴ ശക്തമായി. വൃഷ്ടി പ്രദേശത്ത് മഴ ശക്തമായതിനെ തുടർന്ന് മുല്ലപ്പെരിയാർ ഡാമിലേക്കുള്ള നീരാഴുക്ക് വർദ്ധിച്ചിട്ടുണ്ട്. സെക്കന്റിൽ 3867 ഘന അടി വെള്ളമാണ് ഡാമിലേക്ക് ഒഴുകിയെത്തുന്നത്. ജലനിരപ്പ് റൂൾ കർവ് ലെവലായ 136 അടിയിൽ എത്തിയാൽ സ്പിൽവേ ഷട്ടറുകൾ വഴി വെള്ളം പുറത്തേക്ക് ഒഴുക്കുമെന്ന് തമിഴ്നാട് അധികൃതർ നേരത്തെ അറിയിച്ചിരുന്നു. ഇതേ തുടർന്ന് വെള്ളം ഒഴുകിയെത്തുന്ന പെരിയാറിന്റെ ഇരുകരകളിലും താമസിക്കുന്നവരെ മാറ്റി താമസിപ്പിക്കുന്നതുൾപ്പെടെ മുൻകരുതൽ ഇടുക്കി ജില്ലാ ഭരണകൂടം സ്വീകരിച്ചു.

883 കുടുംബങ്ങളിലെ 3220 പേർക്കായി 20ലധികം ക്യാമ്പുകളും ഒരുക്കിയിരുന്നു. ഇതിന് മുന്നോടിയായി തീര പ്രദേശത്തെ വീടുകളിൽ താമസിക്കുന്നവർ ക്യാമ്പുകളിലേക്ക് മാറണമെന്നാവശ്യപ്പെട്ടുകൊണ്ട് ഇന്നലെ മുതൽ മൈക്ക് അനൗൺസ്മെന്റും നടത്തി. പ്രദേശത്ത് റവന്യൂ, പോലീസ് അധികൃതർ സ്ഥലത്ത് ക്യാമ്പ് ചെയ്യുന്നുണ്ട്.

✪✪✪

കേരള കാൻസർ കോൺക്ലേവ് 2025 സ്പീക്കർ AN ഷംസീർ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു. പത്മഭൂഷൺ ഡോ. സുരേഷ് H. അദ്വാനി ചടങ്ങിൽ മുഖ്യാതിഥിയായി.

ഇന്ത്യക്ക് അകത്തും പുറത്തും നിന്നുമായി ഇരുനൂറിലധികം അർബുദ രോഗ ചികിത്സാ വിദഗ്ദ്ധർ രണ്ട് ദിവസം നീളുന്ന കോൺക്ലേവിൽ പങ്കെടുക്കുന്നുണ്ട്.

✪✪✪

ഇന്ത്യാ- ഇംഗ്ലണ്ട് വനിതാ ട്വന്റി 20 പരമ്പരയിലെ ആദ്യ മത്സരം ഇന്ന് ആരംഭിക്കും. നോട്ടിംഗ്ഹാമിലെ ട്രെന്റ് ബ്രിഡ്ജിൽ വൈകിട്ട് ഏഴിനാണ് മത്സരം. 2023 ന് ശേഷം ഇതാദ്യമായാണ് ഇരു ടീമുകളും ട്വന്റി 20 ഫോർമാറ്റ് പരമ്പരയിൽ ഏറ്റുമുട്ടുന്നത്.

✪✪✪

FIH പ്രോ ലീഗ് ഹോക്കിയിൽ, ഇന്ത്യൻ വനിതാ ടീം ഇന്ന് ചൈനയെ നേരിടും. വൈകിട്ട് 5:30 ന് ബെർലിനിലാണ് മത്സരം.

✪✪✪

കണ്ണൂരിൽ സംസ്ഥാന ജൂനിയർ വനിത ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ മലപ്പുറം കൊല്ലത്തെ മറുപടിയില്ലാത്ത മൂന്നു ഗോളിന് തോൽപ്പിച്ചു. കണ്ണൂർ - വയനാട് മത്സരത്തിൽ എകപക്ഷീയമായ 8 ഗോളിന് ആതിഥേയർ വയനാടിനേയും തോൽപിച്ചു. ഉച്ച കഴിഞ്ഞ് എറണാകുളം മലപ്പുറത്തെയും തുടർന്ന് വയനാട് ആലപ്പുഴയെയും നേരിടും.

✪✪✪

ഹോക്കി ഇന്ത്യ മാസ്റ്റേഴ്സ് കപ്പിൽ തമിഴ്നാട് പുരുഷ വിഭാഗത്തിൽ കിരീടം നേടി. വനിതാ വിഭാഗത്തിൽ ഒഡീഷക്കാണ് ഒന്നാം സ്ഥാനം.

✪✪✪

കേന്ദ്ര സഹമന്ത്രി ഡോ. എൽ മുരുകൻ ഒരു ദിവസത്തെ സന്ദർശനത്തിന് കൊച്ചിയിലെത്തി. വിമാനത്താവളത്തിൽ മുതിർന്ന PIB ഉദ്യോഗസ്ഥർ അദ്ദേഹത്തെ സ്വീകരിച്ചു.

✪✪✪

KSRTC ബസുകൾക്കും ബസ് സ്റ്റേഷനുകൾക്കും നൽകുന്ന ഡെസ്റ്റ് ബിന്നുകളുടെ വിതരണം കൊല്ലം പത്തനാപുരത്ത് വൈകിട്ട് മന്ത്രി KB ഗണേഷ്കുമാർ ഉദ്ഘാടനം ചെയ്യും. പത്തനാപുരം ഡിപ്പോയിലെ E - ഓഫീസ്, ഗ്യാരേജ് ഷെഡ്, മില്ലറ്റ് ഗാർഡൻ എന്നീ പദ്ധതികളും ചടങ്ങിൽ അദ്ദേഹം ഉദ്ഘാടനം ചെയ്യും.

✪✪✪

കേരള സ്റ്റാർട്ടപ്പ് മിഷൻ, ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേംബേഴ്സ് ഓഫ് കൊമേഴ്സ് & ഇൻഡസ്ട്രിയുമായി ചേർന്ന് കോഴിക്കോട്ട് 'ബിയോണ്ട് ടുമോറോ 2025" സമ്മേളനം നടത്തും. ഉച്ചയ്ക്ക് 2:30 മുതൽ രാത്രി 8:00 വരെയാണ് സമ്മേളനം.

'ഇന്ത്യയുടെ സർഗ്ഗാത്മക സമ്പദ് വ്യവസ്ഥയുടെ ഭാവി രൂപപ്പെടുത്തൽ' എന്ന വിഷയത്തിൽ നയ രൂപീകരണ വിദഗ്ധരും, സംരംഭകർ, നിക്ഷേപകർ, സാംസകാരികപ്രവർത്തകർ തുടങ്ങിയവരും പങ്കെടുക്കും.

✪✪✪

തൃശൂർ നെല്ലങ്കരയിൽ പോലീസ് ജീപ്പിന് നേരെ ഇന്നലെ രാത്രി ഗുണ്ടാ ആക്രമണമുണ്ടായി. മൂന്ന് പോലീസ് ജീപ്പുകൾ ഗുണ്ടകൾ തകർത്തു. സംഭവത്തിൽ കൊലക്കേസ് പ്രതി ഉൾപ്പെടെ ആറു പേരെ അറസ്റ്റു ചെയ്തു.

✪✪✪

സ്വാതന്ത്ര സമര ഭടന്മാരെ സംബന്ധിച്ച ഫയൽ ശേഖരത്തിലെ വിവരങ്ങൾ നശിച്ചു പോകാതിരിക്കാൻ തദ്ദേശ _റവന്യൂ വകുപ്പുകൾ അവ ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കണമെന്ന് സംസ്ഥാന വിവരാവകാശ കമ്മിഷണർ ഡോ. A.അബ്ദുൽ ഹക്കീം നിർദ്ദേശിച്ചു. വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെടുന്നവർക്ക് അവ നൽകാൻ തയ്യാറാക്കിവെക്കണമെന്നും മലപ്പുറം തിരൂരങ്ങാടി ബ്ലോക്ക് ഓഫീസിൽ സംഘടിപ്പിച്ച ജില്ലാതല വിവരാവകാശ കമ്മിഷൻ സിറ്റിംഗിൽ കമ്മീഷണർ ആവശ്യപ്പെട്ടു.

✪✪✪

*News Editor : അനിൽ ചന്ദ്രൻ*
*News Reader:സയ്യിദ് അലി ശിഹാബ്*
*CNRT : രജിന കെ*
*DEO : സി കെ സുബോധ്*